# ഇന്ത്യൻ ഭരണഘടന
## അടിത്തറയും ആരൂഢവും

പ്രൊഫ. വി. കാർത്തികേയൻ നായർ

“മനുഷ്യശരീരത്തിലെ
നട്ടെല്ലുപോലെയാണ്
രാഷ്ട്രത്തിന് ഭരണഘടന.
മനുഷ്യശരീരത്തിന് ആകൃതിയും
സൗന്ദര്യവുമുണ്ടാകുന്നത്
നട്ടെല്ലും സിരാപടലവും ഒരുമിച്ച്
പ്രവർത്തിക്കുമ്പോഴാണ്.
ഭരണഘടനയും
നിയമസംഹിതകളുമാണ്
രാഷ്ട്രത്തിന്റെ
ആകൃതിയും സൗന്ദര്യവും
നിർണയിക്കുന്നത്. അതാണ്
അടിത്തറയും ആരൂഢവും.”

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

SIL 4874
വില ₹ 120/-

ISBN 978-81-200-4874-4

ഇന്ത്യൻ ഭരണഘടന അടിത്തറയും ആരൂഢവും
പ്രൊഫ. വി. കാർത്തികേയൻ നായർ

# ഇന്ത്യൻ ഭരണഘടന
## അടിത്തറയും ആരൂഢവും

പ്രൊഫ. വി. കാർത്തികേയൻ നായർ



2112 317

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2112 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
**INDIAN BHARANAKHATANA**
**ADITHARAYUM AAROOTAVUM**

by
Prof. V. Karthikeyan Nair

First Published : February 2020

Typeset at
SIL-DTP Section

Printed at
Time Offset Printers
Thiruvananathapuram

Published by
The State Institute of Languages
Kerala, Thiruvananthapuram-695 003
☎ 0471-2316306,2314768

© The State Institute of Languages, Kerala
Thiruvananthapuram - 2020

Copies : 1000

SIL /4874    Price ₹ 120/-    ISBN 978-81-200-4874-4

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

FT / 2892

# ഇന്ത്യൻ ഭരണഘടന

## അടിത്തറയും ആരൂഢവും

പ്രൊഫ. വി. കാർത്തികേയൻ നായർ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

## പ്രൊഫ. വി. കാർത്തികേയൻ നായർ

1952 ഡിസംബർ 12-ന് നെയ്യാറ്റിൻകര താലൂക്കിൽ ആനാവൂർ വില്ലേജിൽ ജനനം. ആനാവൂർ എൽ.പി.എസ്, മാരായമുട്ടം ഗവ.ഹൈസ്കൂൾ, വി.ടി.എം. എൻ.എസ്.എസ് കോളെജ് ധനുവച്ചപുരം, യൂണിവേഴ്സിറ്റി കോളെജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. തിരുവനന്തപുരം ഗവ.ലോകോളെജിൽ നിന്നും നിയമബിരുദം. 1979-ൽ ഗവ.കോളെജധ്യാപകനായി. വിവിധസർക്കാർ കോളെജുകളിൽ ജോലി ചെയ്തു. സർവകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാദമിക് കൗൺസിൽ എന്നിവിടങ്ങളിൽ അംഗമായിരുന്നു. ഹയർസെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ, ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ പ്രോജക്ട് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ.

**പുസ്തകങ്ങൾ**

1. ഭൂവുടമാ ബന്ധങ്ങളും സാമൂഹിക പരിവർത്തനവും
2. നവോത്ഥാനമൂല്യങ്ങളും കേരള സമൂഹവും
3. സാമൂഹികപരിഷ്കരണവും കേരളീയനവോത്ഥാനവും
4. ഭരണകൂടവും വിദ്യാഭ്യാസവും: കേരളത്തിന്റെ അനുഭവങ്ങൾ
5. ഹയർസെക്കൻഡറി വിദ്യാഭ്യാസം കേരളത്തിൽ

**പരിഭാഷ**

1. ഇന്ത്യാ ചരിത്രപഠനത്തിനൊരു മുഖവുര- ഡി.ഡി. കൊസാംബി
2. ജയിൽകുറിപ്പുകൾ - അന്റോണിയോ ഗ്രാംഷി
3. ചരിത്രരചനയും മതേതരവൽക്കരണവും - റൊമില ഥാപ്പർ

**English**

Documentary History of Higher Education in Kerala


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | അശ്വിൻകൃഷ്ണ ആർ. |
| കവർ ഡിസൈൻ | : | വി. ഗിരീന്ദ്രകുമാർ |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Aswin Krishna R. |
| Cover Design | : | V. Gireendra Kumar |

*Courtesy:* Cover-photos-google-wikipedia


# ആമുഖം

ഭരണഘടനയും പൗരാവകാശങ്ങളും സംബന്ധിക്കുന്ന ചർച്ചകളിൽ ഇന്ത്യൻ സമൂഹം മുഴുകിയിരിക്കുന്ന കാലമാണിത്. ആക്രമണത്തിനും പ്രതിരോധത്തിനുമുള്ള ആയുധമായി ഒരേസമയം ഭരണഘടന മാറുന്ന വിചിത്രവും വിസ്മയകരവുമായ കാഴ്ചയ്ക്കും നാമിപ്പോൾ സാക്ഷ്യം വഹിക്കുകയാണ്. ഇന്ത്യൻ സമൂഹം നേരിടുന്ന ഈ രാഷ്ട്രീയ പ്രതിസന്ധി പലദേശങ്ങളിൽ, പലകാലങ്ങളിൽ സംഭവിച്ചതും അതുണ്ടാക്കിയ വലിയ തകർച്ചകൾക്ക് ചരിത്രം സാക്ഷിയായിട്ടുമുണ്ട്. എന്നാൽ ഇന്ത്യ എന്തുകൊണ്ട് അത്തരം പ്രതിസന്ധികളിൽ തകർന്നുവീഴാതെ നിലനിൽക്കുന്നു എന്നതിന്റെ ഉത്തരമാണ് 'ഇന്ത്യൻ ഭരണഘടന'. 'ലോകത്തെങ്ങും കാണാൻ കഴിയാത്ത ഒരു സാമൂഹികവിപ്ലവമാണ് ഇന്ത്യൻ ഭരണഘടന' എന്ന് പ്രമുഖ ഭരണഘടനാ ചരിത്രകാരനായ ഗ്രാൻവിൽ ഓസ്റ്റിൻ അഭിപ്രായപ്പെടുന്നത് ഈ നിരീക്ഷണത്തിന്റെ ഭാഗമായാവാം. ഇതൊരതിശയോക്തിയല്ലേ എന്ന് വായനക്കാർക്ക് തോന്നാവുന്നതാണ്. *'ഇന്ത്യൻ ഭരണഘടന: അടിത്തറയും ആരൂഢവും'* എന്ന പുസ്തകത്തിന്റെ വായനാസാധ്യത ഈ ചോദ്യത്തിലാരംഭിക്കുന്നു.

ഇന്ത്യൻ ഭരണഘടനയുടെ അധികമാരും ചർച്ചചെയ്യാത്ത ചില സാമൂഹികദർശനങ്ങളെ ഈ പുസ്തകം അടിവരയിട്ട് ഓർമിപ്പിക്കുന്നുണ്ട്. ഇന്ത്യ-പാക് വിഭജനത്തെ ഏതുമട്ടിലാണ് ഇന്ത്യൻ ഭരണഘടന സമീപിക്കുന്നത് എന്നത് മേൽപ്പറഞ്ഞ സാമൂഹികദർശനത്തിന്റെ വിശാലതയെയും മാനവികതയെയും തുറന്നുകാട്ടുന്ന ഉദാഹരണമാണ്. ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട നാളിതുവരെയുള്ള വായനകളെ അടുക്കും ചിട്ടയോടെ ചേർത്തുവയ്ക്കാൻ സഹായിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം. ഒപ്പം അപൂർവമായ ചില രേഖകളെ വായനക്കാർക്ക് പരിചയപ്പെടുത്താനും പുസ്തകം ശ്രമിക്കുന്നുണ്ട്.

കേവല നിയമാവലികൾക്കപ്പുറമുള്ള, അയഞ്ഞതും എന്നാൽ അറ്റുപോകാത്തതുമായ ഇന്ത്യൻ ഭരണഘടനയുടെ ആത്മാവു കണ്ടെത്താൻ ഈ പുസ്തകം സഹായകരമാകുമെന്ന പൂർണവിശ്വാസത്തോടെ സാഭിമാനം വായനക്കാർക്കു മുന്നിൽ സമർപ്പിക്കുന്നു.

നാളന്ദ,
ഫെബ്രുവരി, 2020.

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**അശ്വിൻ കൃഷ്ണ ആർ.**

രിക്കുന്നത്. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്നതിനായി ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ സ്വാതന്ത്ര്യ നിയമത്തിന്റെ മൂലരൂപം നൽകിയിരിക്കുന്നത് വിഭജനം അനിവാര്യമായിരുന്നോ എന്ന ചിന്ത വായനക്കാരിൽ ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. രണ്ടാംലോകമഹായുദ്ധാനന്തരകാലത്ത് ഇന്ത്യയോടൊപ്പം വിഭജിക്കപ്പെട്ട ജർമനിയും വിയറ്റ്നാമും ഏകീകരിക്കപ്പെട്ടു. അവശേഷിക്കുന്നത് ഇന്ത്യയും കൊറിയയും മാത്രമാണ്. കൃത്രിമമായ അതിർത്തികളുണ്ടാക്കി വിഭജിക്കുന്നത് രാഷ്ട്രത്തെയല്ല, ജനങ്ങളെയാണ്. അത് വേദനാജനകമാണ്. ചരിത്രത്തിൽ എങ്കിലുകളും പക്ഷേകളുമില്ല. അതിനാൽ ഭൂതകാലത്തെ വിലയിരുത്താൻ മുതിരുന്നില്ല.

ഭരണഘടനാവകുപ്പുകളെപ്പറ്റിയും ഭേദഗതികളെപ്പറ്റിയും ഒറ്റനോട്ടത്തിൽ ധാരണയുണ്ടാക്കാൻ കഴിയുന്ന തരത്തിൽ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ വകുപ്പിനെയും ഭേദഗതിയെയും വിശകലനം ചെയ്ത് ഈ ഗ്രന്ഥത്തിൽ അപഗ്രഥിക്കുന്നുമില്ല. സാമാന്യവായനക്കാർക്ക് ഭരണഘടനാ സാക്ഷരതയുണ്ടാകുന്നതിന് ഈ പുസ്തകം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാക്ഷരതയ്ക്കപ്പുറം വിജ്ഞാനസമ്പാദനത്തിനുള്ള അധികവായനയെ പ്രേരിപ്പിക്കാൻ ഈ പുസ്തകത്തിനു കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശക്തമായ അടിത്തറയിന്മേൽ പണിയുന്ന ആരൂഢം തകരാതെ നിൽക്കും. ചില ഘട്ടങ്ങളിൽ അടിത്തറ തകർന്നാലും ആരൂഢം തകരാതെ നിൽക്കുകയും ചെയ്യും.

ഫെബ്രുവരി, 2020. **പ്രൊഫ. വി. കാർത്തികേയൻ നായർ**

## ഉള്ളടക്കം


1. കോളനിവൽക്കരണവും ഇന്ത്യയും — 1
2. ഭരണഘടനാ ചരിത്രം — 7
3. ഭരണഘടനയുടെ മുന്നൊരുക്കം — 23
4. ഭരണഘടനാ നിർമാണസഭ — 32
5. പ്രവേശിക — 37
6. ഭരണഘടനാവകുപ്പുകൾ — 40
7. ഭരണഘടനാഭേദഗതികൾ — 42
8. മൗലികാവകാശങ്ങൾ — 52
9. രാഷ്ട്രനയത്തിന്റെ നിർദേശക തത്ത്വങ്ങൾ — 72
10. മൗലിക കർത്തവ്യങ്ങൾ — 77
11. താൽക്കാലികവും പരിവർത്തനവും പ്രത്യേകവുമായ വ്യവസ്ഥകൾ — 79

**അനുബന്ധങ്ങൾ**

1. Indian Independence Act (1947) — 101
2. The Citizenship Act, 1955 — 131
3. Official Language Act (1963) — 158
4. Assam Accord — 164
5. The Citizenship (Amendment) Act, 2019 — 169